Fax : 0494-2400269
✆ : 0494-2400252
E-mail : reg@uoc.ac.in
Calicut University. P.O.,
Pin : 673 635
KERALA (INDIA)

# UNIVERSITY OF CALICUT
(PLD-H)

No..236801/PLD-H-ASST-3/2016/Admn

Dated: 16.08.2017

## ക്വട്ടേഷൻ നോട്ടീസ്

1. കാലിക്കറ്റ് സർവകലാശാല സ്പോർട്സ് ഹോസ്റ്റലിൽ (മെൻസ്), താഴെ കൊടുത്തിരിക്കുന്ന നിബന്ധനകളോടെ മെസ്സ് നടത്തുവാൻ താത്പര്യമുള്ളവരിൽ നിന്നും നിശ്ചിത ഫോറത്തിൽ മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.
2. നിശ്ചിത ഫോറം സർവകലാശാല ഭരണവിഭാഗത്തിലെ ആസൂത്രണ വികസന വിഭാഗത്തിൽ നിന്നും 100 രൂപ (നൂറ് രൂപ) നിരക്കിൽ 18.08.2017 മുതൽ 29.08.2017 വരെ ഉച്ചയ്ക്ക് 12 മണിവരെ ലഭിക്കുന്നതാണ്.
3. ഓരോ ക്വട്ടേഷന്റെയും കൂടെ സർവകലാശാല രജിസ്ട്രാറുടെ പേരിൽ നേടിയ 5000/- രൂപ (അയ്യായിരം രൂപ) നിരതദ്രവ്യം അടച്ചതിനുള്ള ഡിമാന്റ് ഡ്രാഫ്റ്റ് (SBI കാലിക്കറ്റ് സർവകലാശാല ശാഖയിൽ മാറാവുന്നത്) അടക്കം ചെയ്തിരിക്കണം. DD യുടെ മറുവശത്ത് English വലിയ അക്ഷരത്തിൽ മേൽവിലാസം എഴുതിയിരിക്കണം.
4. ക്വട്ടേഷനുകൾ 29.08.2017 ന് 2.30 നു മുമ്പായി രജിസ്ട്രാർ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, കാലിക്കറ്റ് യുണിവേഴ്സിറ്റി (പി.ഒ), മലപ്പുറം. പിൻ-673635 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. അന്നേ ദിവസം മൂന്നുമണിക്ക് തദവസരത്തിൽ സന്നിഹിതരായ അപേക്ഷകരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്.
5. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആസൂത്രണ വികസന വിഭാഗത്തിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്.
6. മെസ്സ് നടത്തുന്നതിനുള്ള ആളെ തിരഞ്ഞെടുക്കുമ്പോൾ പ്രസ്തുത ജോലിക്കുള്ള മുൻപരിചയവും, അപേക്ഷകന്റെ പ്രാപ്തിയും ആഹാരസാധനങ്ങൾക്ക് കുറിച്ചിട്ടുള്ള വിലയും പ്രത്യേകം പരിഗണിക്കുന്നതാണ്.

രജിസ്ട്രാർ

Copy to: Notice Board of Administration, Pareeksha Bhavan, Engineering Department, Library, School of Distance Education, Press, Tagore Niketan, Ladies Hostel, Mens Hostel, PRO to issue a press release/PS to VC/PA to Registrar/SF/DF/SC.

UNIVERSITY OF CALICUT
(PLD-H)

Fax : 0494-2400269
✆ : 0494-2400252
E-mail : reg@uoc.ac.in
Calicut University. P.O.,
Pin : 673 635
KERALA (INDIA)

No.. 236801/PLD-H-ASST-3/2016/Admn

Dated: 16.08.2017

## നിബന്ധനകൾ

1. മെസ്സിലെ ഒരു ദിവസത്തെ ഭക്ഷണത്തിന്റെ നിരക്ക് (രാവിലെയും ഉച്ചയ്ക്കും, വൈകീട്ടും, രാത്രിയും) ക്വട്ടേഷനിൽ വെവ്വേറെ കാണിക്കേണ്ടതാണ്. അന്തേവാസികൾ രണ്ടോ അതിലധികമോ ദിവസങ്ങളിൽ ഭക്ഷണം എടുക്കാതിരുന്നാൽ മാത്രമേ കിഴിവ് അനുവദിക്കേണ്ടതുള്ളു.
2. കരാറിന്റെ കാലാവധി രണ്ടു വർഷത്തേയ്ക്കായിരിക്കും. പിന്നീട് ഉഭയസമ്മത പ്രകാരം പുതുക്കാവുന്നതാണ്.
3. സ്പോർട്സ് ഹോസ്റ്റൽ വിദ്യാർത്ഥികളുടെ ഒരാഴ്ചത്തേയ്ക്കുള്ള ഭക്ഷണവിഭവങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം വെയ്ക്കുന്നു.
4. പൊതു ഭക്ഷണം മാത്രമേ മെസ്സിൽ അനുവദിക്കുകയുള്ളു. യാതൊരുവിധ പ്രത്യേക ഭക്ഷണവും അനുവദിക്കുന്നതല്ല.
5. ഇതിനുപുറമെ അത്യാവശ്യ ഘട്ടങ്ങളിൽ മെസ്സിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമെന്ന് ബോദ്ധ്യപ്പെടുന്ന നടപടികൾ കൈകൊള്ളാൻ ഓണററി വാർഡൻമാർക്കും, മെസ്സ് കമ്മിറ്റിക്കും അധികാരമുണ്ടായിരിക്കും.
6. മെസ്സ് നടത്തിപ്പിനുള്ള പ്രാരംഭ ചെലവുകളിലേക്ക് കോൺട്രാക്ടർക്ക് വാർഡൻമാർ തീരുമാനിക്കുന്ന തുക അഡ്വാൻസായി നൽകുന്നതും ഈ തുക, കോൺട്രാക്ടർ കാലാവധി അവസാനിക്കുന്ന അവസരത്തിൽ തിരിച്ചടച്ച് ക്ലിയറൻസ് വാങ്ങേണ്ടതുമാണ്.
7. കരാർ കാലാവധിക്കുള്ളിൽ തൊഴിലാളികൾക്ക് കൊടുക്കേണ്ട വേതന കുടിശ്ശിക എന്തെങ്കിലുമുണ്ടെങ്കിൽ കരാർ കാലാവധി കഴിഞ്ഞാലും കോൺട്രാക്ടർ നൽകേണ്ടതാണ്.
8. തൊഴിലാളികളുടെ പേർക്ക് അടക്കേണ്ട പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ കൃത്യമായി അടയ്ക്കേണ്ടതും, ആയതിന്റെ റിട്ടേൺസ് സമയബന്ധിതമായി കോൺട്രാക്ടർ ഫയൽ ചെയ്യേണ്ടതുമാണ്.
9. മെസ്സിൽ ഉപയോഗിക്കുന്ന വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജ്ജ് അതാതു മാസം 5-ാം തീയ്യതിക്ക് മുമ്പായി സർവകലാശാല ഫണ്ടിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.
10. മെസ്സ് നടത്തിപ്പിനുള്ള ഏതപേക്ഷയും സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ ഏതപേക്ഷയും നിരസിക്കുന്നതിനുള്ള അവകാശം സർവകലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമാണ്.
11. സർവ്വകലാശാലയിൽ നിലവിലുള്ള മറ്റ് ലേല നിബന്ധനകൾ ഈ ക്വട്ടേഷനും ബാധകമാണ്.

12. ഹോസ്റ്റലിലെ മെനു, ആവശ്യമെങ്കിൽ ഹോസ്റ്റലിലെ Mess Committee യുമായി ആലോചിച്ച് മാറ്റങ്ങൾ വരുത്താവുന്നതാണ്.
13. റമളാൻ നോമ്പ് അനുഷ്ടിക്കുന്ന വിദ്യാർത്ഥികൾക്ക്, അത്താഴം/നോമ്പ്തുറ സമയങ്ങളിൽ ആഹാരം നൽകേണ്ടതാണ്.
14. ഡാൽഡയുടെ ഉപയോഗവും, ഭക്ഷ്യ എണ്ണയുടെ പുനരുപയോഗവും കർശനമായി നിരോധിച്ചിട്ടുള്ളതാണ്.
15. ഹോസ്റ്റൽ മെസ്സിലെ മാലിന്യങ്ങൾ, കോൺട്രാക്ടർ സമയാസമയങ്ങളിൽ സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാണ്.

രജിസ്ട്രാർ